## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1526 — 03.12.2018-ൽ മറുപടിക്ക്

## ഓഖി ദുരിതാശ്വാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുള്ള ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമായി സംസ്ഥാന സർക്കാർ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് കേന്ദ്രസർക്കാരിൽ അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുള്ള ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമായി സംസ്ഥാന സർക്കാർ 7340 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട് |
| (ബി) | ഇതിൽ എത്ര തുക കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ട്; | (ബി) | പ്രസ്തുത പാക്കേജ് പ്രകാരമുള്ള ധനസഹായമൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് അടിയന്തര സഹായമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. 26.02.2018 നു ചേർന്ന ഹൈലെവൽ കമ്മിറ്റി യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത 133 കോടി രൂപയിൽ നിന്നും 111.70 കോടി രൂപ ഓഖി ദുരിതാശ്വാസത്തിനായി ഉപയോഗിക്കാമെന്നും ബാക്കിയുള്ള തുക (21.30 കോടി രൂപ) ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള ദുരന്തങ്ങളിൽ ദുരിതാശ്വാസത്തിനായി ഉപയോഗിക്കാമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് അടിയന്തര ധനസഹായമായി അനുവദിച്ച 111.70 കോടി രൂപയിൽ നിന്നും 92.085 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ